"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - സംസ്ഥാന ജലഗതാഗത വകുപ്പിലെ പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യം - 01/01/2026 അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനം - 'സംവരണ സാധ്യത ഇല്ല' എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - എ) വകുപ്പ്**

സ.ഉ.(കൈ) നം.51/2026/GAD　　തീയതി,തിരുവനന്തപുരം, 23-04-2026

---

പരാമർശം:-
1. 31/07/2025 - ലെ സ.ഉ. (കൈ) നം. 105/2025/ജി.എ.ഡി.
2. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 15/01/2026 - ലെ SWTDHO/84/2026-E1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ പരാമർശം (2) ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പിലെ പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യം 01/01/2026 അടിസ്ഥാനമാക്കി വാർഷിക അവലോകനം നടത്തിയതിൽ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഗസറ്റഡ്, നോൺ-ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ പ്രാതിനിധ്യക്കുറവ് വന്നിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത അടിസ്ഥാന വർഷം 'പ്രത്യേക നിയമനത്തിന് സംവരണ സാധ്യത ഇല്ല' എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. മുൻ വർഷങ്ങളിൽ സംവരണം ചെയ്ത് ഉത്തരവായതും, എന്നാൽ നാളിതുവരെ നികത്താത്തതുമായ തസ്തികകൾ നിലവിലുണ്ടെങ്കിൽ അവയിലേയ്ക്ക് അടിയന്തരമായി നിയമനം നടത്തുവാൻ വേണ്ട നടപടികൾ സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJUDEEN P M
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

ഗതാഗത വകുപ്പ്

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - ബി) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Praveen Kumar S
Date: 25-04-2026 10:54:20

സെക്ഷൻ ഓഫീസർ